# കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ് തെരെഞ്ഞെടുപ്പ് 2024 -25

## മാർഗ്ഗനിർദ്ദേശങ്ങൾ

**i)** ലിങ്ദോ കമ്മിറ്റി ശിപാർശയിലുള്ള മുഴുവൻ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുക.

**ii)** 2024 -25 വർഷത്തെ കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് ഇലക്ട്രറൽ റോളിൽ രേഖപ്പെടുത്തിയ പ്രകാരം തന്നെ മത്സരാർത്ഥി നാമനിർദ്ദേശ പത്രികയിലും പേര് രേഖപ്പെടുത്തേണ്ടതാണ്.

**iii)** 2024 -25 വർഷത്തെ കോളേജ് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോളേജ് തലത്തിൽ പ്രിൻസിപ്പൽ അധ്യക്ഷനായുള്ള 'ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി ' രൂപീകരിക്കേണ്ടതും തെരെഞ്ഞെടുപ്പ് സംബന്ധമായ പ്രശ്നങ്ങൾ അവിടെ തന്നെ പരിഹരിക്കേണ്ടതുമാണ്.

**iv)** കോളേജ് തലത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ സർവകലാശാല വിദ്യാർത്ഥി ക്ഷേമവിഭാഗം ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**v)** മത്സരാർത്ഥിയുടെ മറ്റ് യോഗ്യതകൾ നിർണയിക്കുന്നത് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന്റെ തീയതിക്കും സമയത്തിനും അനുസൃതമായിരിക്കും.

**vi)** 2024 -25 വർഷത്തെ കോളേജ് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരാർത്ഥിയുടെ പ്രായം നിർണയിക്കുന്നത് മത്സരാർഥിയുടെ SSLC സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

**vii)** തെരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട് കർശനമായ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

**vii)** ഫലപ്രഖ്യാപനം കഴിഞ്ഞ് രണ്ടാഴ്ചക്കകം നിശ്ചിത പ്രൊഫോർമയിൽ തെരെഞ്ഞെടുപ്പ് ഫലവും ബന്ധപ്പെട്ട രേഖകളും ഡി.എസ്.എസ് വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന കോളേജുകൾക്കെതിരെ കർശന നടപടികൾ കൈകൊള്ളുന്നതാണ്.

**viii)** പ്രാദേശിക അവധികൾ, പ്രാദേശികമായ മറ്റ് പ്രശ്നങ്ങൾ എന്നിവ മൂലം തെരഞ്ഞെടുപ്പ് ഷെഡ്യൂളിൽ മാറ്റം വരുത്തുന്ന പക്ഷം മുൻകൂറായി വിദ്യാർത്ഥിക്ഷേമ വിഭാഗത്തിൽ രേഖമൂലം അറിയിക്കേണ്ടതാണ്.

2/9/24

**DIRECTOR**
**STUDENT SERVICES**
**KANNUR UNIVERSITY**